ഉത്തരം

ഉണ്ട്. തീരദേശ മേഖലയിൽ വാസഗൃഹം നിർമ്മിക്കുന്ന പാവപ്പെട്ടവരായ ആളുകൾക്കോ അവരുടെ കുടുംബത്തിനോ മറ്റെവിടെയും സ്വന്തമായി ഭൂമിയില്ലെങ്കിൽ താമസാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് വസ്തു നികുതി കുറയ്ക്കുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വീട്ടുകരം വർദ്ധനവ്**

175 (1392) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വീട്ടുകരം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി എല്ലാ വർഷവും അഞ്ചു ശതമാനം വീതം വർദ്ധിപ്പിക്കുവാൻ 5-ാം ധനകാര്യകമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നികുതികളും സേവന ഫീസും പരിഷ്കരിക്കൽ**

176 (1393) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ നികുതികളും സേവന ഫീസുകളും പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും ശിപാർശകൾ സർക്കാരിന് ഇതിനകം ലഭിക്കുകയുണ്ടായോ;

(ബി) മറ്റെന്തെല്ലാം പരിഷ്കരണങ്ങളാണ് തദ്ദേശ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ വരുത്തുവാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) കെട്ടിട നികുതി വർഷംതോറും അഞ്ച് ശതമാനം കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) പ്രസ്തുത പരിഷ്കരണങ്ങൾ എന്ന് മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ലഭിക്കുകയും സർക്കാർ അതിന്മേൽ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി-ഡി) സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly